രചന: അബ്ദുൽ അസീസ്, തേങ്ങാട്ട്

### ഭാഗം 5

# മദ്ഹബുകൾ

പിറ്റേന്ന് അവർ നേരത്തെ വന്നു. ചർച്ച തുടങ്ങുന്നതിന്നു മുൻപായി ഞാൻ പറഞ്ഞു . നമ്മുടെ ഈ ചർച്ച ഒരു വാദപ്രതിവാദമായി കണക്കിലെടുക്കേണ്ടതില്ല . ആരു വിജയിക്കുന്നു അല്ലെങ്കിൽ പരാജയപ്പെടുന്നു എന്നുള്ളതും ഇവിടെ വിഷയമല്ല. എൻെറ മുഖ്യ ഉദ്ദേശ്യം മുജാഹിദുകൾ പറയുന്ന കാര്യങ്ങൾക്കു അടിസ്ഥാനമില്ലായെന്നും പൂർവ്വിക പണ്ഡിതസൂരികളുടെ പിൻതുണ അവർക്കില്ലായെന്നും അവരുടെത് പുതിയൊരു പ്രസ്ഥാനമാണെന്നുള്ള മജീദ് മാസ്റ്ററുടെയും അദ്ദേഹത്തിൻെറ നേതാക്കളുടെയും പുതിയ കണ്ടുപിടുത്തത്തെ അല്ലെങ്കിൽ ദുർപ്രചാരണങ്ങൾക്കും തെറ്റിദ്ധാരണകൾക്കും അവർ അംഗീകരിക്കുന്ന ഗ്രന്ഥങ്ങൾ ഉപയോഗിച്ചു മറുപടി നൽകുകയെന്നുള്ളതാണ് .

ഇന്ന് നാം ചർച്ചക്കെടുക്കുന്ന വിഷയം മദ്ഹബുകൾ എന്നുള്ളതാണ് , എന്താ അങ്ങിനെയല്ലേ ? ഞാൻ ചോദിച്ചു.

കുഴപ്പമില്ല , അങ്ങിനെയാവട്ടെ, അവർ പറഞ്ഞു,

ഞാൻ പറഞ്ഞു തുടങ്ങി , മദ്ഹബ് വേണോ വേണ്ടയോ എന്ന തർക്കം ഒരു ഭാഗത്ത് . വേണമെന്നാണെങ്കിൽ 4ൽ ഒന്ന് മതി എന്ന തർക്കം. ശാഫിഈയുടേത് തന്നെ പഴയ അഭിപ്രായമെന്നും പുതിയ അഭിപ്രായമെന്നും തർക്കം . ഖുറാസാനികളെന്നും ഇറാഖികളെന്നും തർക്കം. അതെല്ലാം കഴിഞ്ഞാൽ ശാഫിഈ മദ്ഹബിനകത്തുള്ള തർക്കം . ഇങ്ങിനെ നീണ്ടുപോകുന്നു മദ്ഹബ് വിഷയം . ശാഫിഈ മദ്ഹബിലെ പണ്ഡിത തർക്കം തിർക്കുന്നതിന്നയി പിൻകാലത്തുള്ള പണ്ഡിതന്മാർ ഏകോപിച്ച് ഒരു തിരുമാനത്തിലെത്തിയിട്ടുണ്ട്. ശാഫിഈ മദ്ഹബിൽ നവവി , റാഫിഈ എന്നിവർ യോജിച്ചു പറഞ്ഞതാണ് കൂടുതൽ അവലംഭം. ഇവർ തമ്മിൽ ഭിന്നിച്ചാൽ നവവി(റ) പറഞ്ഞതിനാണ് കൂടുതൽ സ്വികാര്യത. ഇനി നവവിക്കു തന്നെ രണ്ട് അഭിപ്രായമുണ്ടെങ്കിൽ ശറഹുൽ മുഹദ്ദബിൽ പറഞ്ഞതിന്നാണ് മുൻതൂക്കം. ശേഷം മിൻഹാജിനും. എനി ഇവർ രണ്ടു പേരും യോജിച്ചു പറഞ്ഞതിനെ ശേഷം ഇബ്നു ഹജർ അൽ ഹൈതമിലും, റംലിയും യോജിച്ചു വിരുദ്ധാഭിപ്രായം രേഖപ്പെടുത്തിയിട്ടുണ്ടെങ്കിൽ അതിന്നായിരിക്കും പ്രാധാന്യം. അപ്പോൾ നിങ്ങൾ ചിന്തിക്കുക എന്തൊരു ഗതികേട് ഇസ്‌ലാമിൽ ഒരു വിധി കിട്ടെണമെങ്കിൽ ഇവരിലൂടെയൊക്കെ യാത്ര ചെയ്യണം.

വേർപാടിലെ വരികൾ നമുക്കു വായിക്കാം. "നോക്കൂ ഇനി മൂന്നാമതായി മദ്ഹബിൻെറ കാര്യമെടുക്കാം . നാലിലൊരു മദ്ഹബ് സ്വീകരിക്കുന്നതിനെ ആരും എതിർക്കുന്നില്ല . എന്നാൽ മദ്ഹബ് സ്വീകരിക്കാത്തവരെക്കുറിച്ചാണ് തർക്കമുള്ളത്. മദ്ഹബ് സ്വീകരിക്കാത്തവർ പിഴച്ചവരാണെന്ന് ബഹുഭൂരിഭാഗം ഇമാമുകളും പറയുന്ന സ്ഥിതിക്ക് ഒരു നിഷ്പക്ഷമതി എന്ത് ചെയ്യണം . ? " .

തനി കളവാണ് മജീദ് മാസ്റ്റർ ഇവിടെ പറഞ്ഞിരിക്കുന്നത്. ആട്ടിനെ പട്ടിയാക്കുന്ന വിദ്യയാണ് മാസ്റ്റർ ഇവിടെ ചെയ്തിരിക്കുന്നത് . ബുദ്ധിയുള്ളവരെല്ലാം മദ്ഹബ് തഖ്‌ലീദ് ചെയ്യുന്നതിനെ എതിർത്തിട്ടുണ്ട് . ഒരു ഇമാമും അവരുടെ മദ്ഹബ് സ്വീകരിക്കാനോ, സ്വീകരിക്കാത്തവർ പിഴച്ചുപോകുമെന്നോ പറഞ്ഞിട്ടില്ല . നേരെമറിച്ച് അവർ അതിനെ എതിർക്കുകയാണ് ചെയ്തിട്ടുള്ളത് എന്ന് ഞാൻ ശേഷം വിവരിക്കുന്നതിൽനിന്നും നിങ്ങൾക്കു മനസ്സിലാകും.

തഖ്‌ലീദ് എന്നു പറഞ്ഞാൽ എന്താണെന്ന് പരിശോധിക്കാം. ശാഫിഈ മദ്ഹബിലെ രണ്ടു പ്രമുഖ പണ്ഡിതർ ഇതിന്നു എന്താണ് അർഥം പറയുന്നത് എന്ന് പരിശോധിക്കാം .

ഇമാം ഗസ്സാലി പറയുന്നു , " തഖ്‌ലീദ് എന്നാൽ ഒരഭിപ്രായം തെളിവ് കൂടാതെ സ്വീകരിക്കുകയെന്നാകുന്നു . ( മുസ്ത്വസ്ഫ - 2 - 123 )

ശാഫിഈ മദ്ഹബുകാർക്കു ഏറ്റവും സ്വീകാര്യനായ താജുദ്ദീൻ സുബുകി പറയുന്നു. "ഒരഭിപ്രായം അതിൻെറ തെളിവു മനസ്സിലാക്കാതെ സ്വീകരിക്കുക ( ജംഉൽ ജവാമിഅ് - 2-253.)

എല്ലാ പണ്ഡിതരും ഇതേ അർഥമാണ് കൊടുത്തിരിക്കുന്നത് അതിനാൽ ആവർത്തിക്കുന്നില്ല.

ഇനി പൂർവ്വകാല പണ്ഡിതന്മാർ തഖ്‌ലീദിനെ സംബന്ധിച്ചു എന്തു പറഞ്ഞുവെന്ന് നോക്കാം . മദ്ഹബിൻെറ പണ്ഡിരിൽ നിന്നുതന്നെ തുടങ്ങാം അല്ലെ ? ഞാൻ ചോദിച്ചു .

അതെ , യൂസുഫ് മൗലവി ഉത്തരം പറഞ്ഞു .

ഇമാം അബൂ ഹനീഫ(റ)-പറയുന്നതായി ഇമാം ശഅ്റാനി തൻെറ ഗ്രന്ഥത്തിൽ പറയുന്നു , " അദ്ദേഹം (ഇമാം അബൂ ഹനീഫ) പറയാറുണ്ടായിരുന്നു . എൻെറ തെളിവെന്തെന്ന് അറിയാത്തവന്ന് എൻെറ അഭിപ്രായം അനുസരിച്ചു ഫത്‌വ നൽകൽ നിഷിദ്ധമാകുന്നു."

ഇമാം മാലികിൻെറ അഭിപ്രായംനോക്കാം. ഇമാം മാലിക് പറഞ്ഞതായി ഇമാം ശഅ്റാനി പറയുന്നു , " ഏതെങ്കിലും ഒരു വിഷയത്തിൽ അദ്ദേഹം വിധി പ്രസ്താവിച്ചാൽ അദ്ദേഹം ഇങ്ങിനെ പറയുമായിരുന്നു . നിങ്ങൾ അതിനെപ്പറ്റി ചിന്തിക്കുക. ഇതു മതകാര്യമാണ് . ഏതൊരാളുടെ വചനങ്ങളിലും കൊള്ളേണ്ടതും തള്ളേണ്ടതും ഇല്ലാതിരിക്കില്ല . ഈ ആരാമത്തിൻെറ ഉടമസ്ഥൻ ഒഴിച്ച് ( റസൂൽ - സ- ) ഒഴിച്ച് .

ഇബ്നു ഹസം (റ) അദ്ദേഹത്തെ സംബന്ധിച്ചു ഇങ്ങിനെ റിപ്പോർട്ട് ചെയ്യുന്നു, അദ്ദേഹത്തിന്ന് - ഇമാം മാലികിന്നു - മരണം ആസന്നമായപ്പോൾ ഇങ്ങിനെ പറഞ്ഞു,

ഞാൻ സ്വന്തം അഭിപ്രായം പ്രകടിപ്പിച്ചിട്ടുള്ള ഓരോ വിഷയത്തിലും ചാട്ടകൊണ്ട് ഞാൻ അടിക്കപ്പെടുവാനും നബി (സ) യുടെ ശരീഅത്തിൽ എന്തെങ്കിലും അധികരിപ്പിക്കുകയോ അതിൻെറ ബാഹ്യാർഥത്തിന്നു വരുദ്ധമായ പ്രവർത്തിക്കുകയോ ചെയ്ത നിലയിൽ അവിടുത്തെ കണ്ടുമുട്ടാതിരിക്കാനും ഞാൻ ആശിച്ചു പോയി . മീസാനുൽ കുബ്റ - 1- 59

ഇമാം മാലിക് ഇങ്ങിനെ പറഞ്ഞതായി റിപ്പോർട്ട് ചെയ്യപ്പെടുന്നു. "ഒരാൾ എത്ര ശ്രേഷ്ടനായിരുന്നാലും അയാൾ പറഞ്ഞ എല്ലാ അഭിപ്രായവും പിൻപറ്റപ്പെടേണ്ടതില്ല. അല്ലാഹു പറയുന്നത്, വചനങ്ങൾ ശ്രദ്ധിച്ചു കേൾക്കുകയും എന്നിട്ടതിൽ നല്ലതിനെ പിന്തുടരുകയും ചെയ്യുന്നവർ, എന്നാണല്ലോ. മജല്ലത്തുൽ മനാർ - 4-573

ഇമാം ശാഫിഈ(റ) യുടെ അഭിപ്രായം നോക്കാം , ഇമാം മുസ്നി തൻെറ മുഖ്തസറിൽ ഇങ്ങിനെ പറയുന്നു. "ഈ ഗ്രന്ഥം മുഹമ്മദ് ബിൻ ഇദ്‌രീസു ശ്ശാഫിയുടെ വിജ്ഞാനത്തിൽനിന്നും ആശയത്തിൽനിന്നും സഹൃദയന്നു സഹായകമാവാൻവേണ്ടി ഞാൻ സംഗ്രഹിച്ചെടുത്തിരിക്കുന്നു. അതോടൊപ്പം അദ്ദേഹത്തെയോ മറ്റാരെയെങ്കിലുമോ തഖ്‌ലീദ് ചെയ്യരുതെന്ന അദ്ദേഹത്തിൻെറ നിരോധനവും ഞാനയാളെ അറിയിക്കുന്നു . തൻെറ ദീൻകാര്യം ചിന്തയോടെ കൈകാര്യം ചെയ്യുന്നവൻ ആയിരിക്കുന്നതിന്നുവേണ്ടിയും സ്വയം സൂക്ഷമത കൈകൊള്ളുന്നവൻ ആയിരിക്കുന്നതിന്നുവേണ്ടിയും. "

ശാഫിഈയിൽനിന്നും ഹാകിമും ബൈഹഖിയും നിവേദനം ചെയ്തിരിക്കുന്നു . അദ്ദേഹം ഇങ്ങിനെ പറയാറുണ്ടായിരുന്നു. ഹദീസ് സ്വഹീഹായി വന്നാൽ അതാണെൻെറ മദ്ഹബ് . മറ്റൊരു റിവായത്തിൽ ഇങ്ങിനെ കാണാം. എൻെറ അഭിപ്രായം ഹദീസിനോട് എതിരായിക്കണ്ടാൽ നിങ്ങൾ ഹദീസനുസരിച്ചു പ്രവർത്തിക്കുക. എൻെറ അഅഭിപ്രായംകൊണ്ട് മതിലിലടിക്കുകയും ചെയ്യുക . ഒരു ദിവസം മുസ്നിയോട് അദ്ദേഹം പറഞ്ഞു. ഇബ്രാഹിം , ഞാൻ പറയുന്നതിലെല്ലാം എന്നെ തഖ്‌ലീദ് ചെയ്യരുത് . നീ സ്വയം അതിനെപ്പറ്റി ചിന്തിക്കുക. അദ്ദേഹം ഇങ്ങിനെയും പറയാറുണ്ടായിരുന്നു . ദൈവദൂതനല്ലാത്ത മറ്റാരുടെ വാക്കും തെളിവാകുകയില്ല. (ഹുജജത്തുല്ലാഹിൽ ബാലിഗ - 126 ) .

ഞാൻ ഏതെങ്കിലും ഒരു കാര്യത്തെപ്പറ്റി അഭിപ്രായം പറയുകയോ അല്ലെങ്കിൽ ഒരു അടിസ്ഥാന തത്വം ആവിഷ്കരിക്കുകയോ ചെയ്യുകയും - എന്നിട്ടക്കാര്യത്തിൽ- എൻെറ അഭിപ്രായത്തിന്നു വിരുദ്ധമായി നബിയിൽ നിന്ന് എന്തെങ്കിലും നിങ്ങൾക്കു ലഭിക്കുകയും ചെയ്താൽ നബി പറഞ്ഞതാണ് ശരിയായ അഭിപ്രായം . (അൽ ഇൻസാഫ് - 16)

റബീഇൽനിന്നുമുള്ള റിപ്പോർട്ട്. ഇമാം ശാഫിഈ ഇങ്ങിനെ പറയുന്നതായി ഞാൻ കേട്ടു. വിശ്വാസ യോഗ്യരായ പണ്ഡിതന്മാരുടെ അടുത്ത് ഞാൻ പറഞ്ഞതിന്നെതിരായി വല്ല ഹദീസും നബിയിൽനിന്നും സ്വഹീഹായി കിട്ടിയാൽ ഞാൻ ആ ഹദീസിലേക്കു മടങ്ങുന്നു , എൻെറ ജീവിത കാലത്തായാലും മരണശേഷമായാലും. മജല്ലത്തുൽ മനാർ 4- 693,94

എന്തൊരു മനോവിശാലത, ഇസ്‌ലാം മതത്തോടുള്ള ശാഫിഈയുടെ പ്രതിബദ്ധത ഇവിടെ കാണാവുന്നതാകുന്നു. എൻെറ മരണ ശേഷവും ജീവിതകാലത്തു തന്നെയും ഇനിയും സ്വീകാര്യയോഗ്യമായ ഹദീസുകൾ ലഭിക്കാനുണ്ട് എന്നതിലേക്കാണ് അദ്ദേഹം വിരൽ ചൂണ്ടുന്നത് . അങ്ങിനെ വന്നാൽ അത് സ്വീകരിക്കണമെന്നുമാണ് അദ്ദേഹം താക്കീദ് ചെയ്യുന്നത . ഇതുപോലെയുള്ള നിരവധി റിപ്പോർട്ടുകൾ ശാഫിഈ (റ) യിൽനിന്നും വന്നിട്ടുണ്ട് .

എനി ഇമാം അഹ്മദ് ബിൻ ഹൻബലിൻെറ അഭിപ്രായം നോക്കാം , ഇമാം ശാഹ് വലിയ്യുല്ലാഹി പറയുന്നു , " ഇമാം അഹ്മദ് റ ഇങ്ങിനെ പറയാറുണ്ടായിരുന്നു . അല്ലാഹുവിന്നും റസൂലിന്നുമൊപ്പം അഭിപ്രായ പ്രകടനം നടത്താൻ ആർക്കും അധികാരമില്ല . അദ്ദേഹം ഒരാളോട് ഇങ്ങിനെകൂടി പറയുകയുണ്ടായി . നീ എന്നെ

തഖ്‌ലീദ് ചെയ്യരുത്. മാലികിനെയോ ഔസാഇയേയോ നഖ്ഈയേയോ മറ്റാരെയെങ്കിലുമോ തഖ്‌ലീദ് ചെയ്യരുത്. മതവിധികൾ അവർ എവിടെനിന്നു സ്വീകരിച്ചുവോ അവിടെനിന്നു നീയും സ്വീകരിക്കുക അതെ ഖുർആനിൽ നിന്നും സുന്നത്തിൽനിന്നും . ( ഹുജജത്തുല്ലാഹിൽബാലിഗ - 126 ).

അബൂദാവൂദ് പറഞ്ഞു , ഞാൻ അഹ്മദിനോട് ചോദിച്ചു , ഔസാഇ ആണോ മാലികിനേക്കാൾ പിൻപറ്റാൻ അർഹൻ ? അദ്ദേഹു പറഞ്ഞു , നിൻെറ മതകാര്യങ്ങളിൽ നീ ആരെയും തഖ്‌ലീദ് ചെയ്യരുത് . നബി സ യിൽനിന്നും ലഭിച്ചതേതോ അത് സ്വീകരിക്കുക . (ഇഅ്‌ലാമുൽ മൂഖിഈൻ - 2 - 181)

ഇപ്പോൾ ഞാൻ ഇവിടെ വായിച്ച ഉദ്ധരണികളിൽ നിന്നും ആരെയെങ്കിലും തഖ്‌ലീദ് ചെയ്യണമെന്നാണോ ചെയ്യരുതെന്നാണോ നാലു മദ്ഹബിൻെറയും ഇമാമുകൾ പറഞ്ഞത് ? എന്താണ് നിനക്കു മനസ്സിലായത് ? ഞാൻ ബഷീറിനോട് ചോദിച്ചു .

അതിനെന്താ സംശയം ചെയ്യരുതെന്ന്തന്നെ. പക്ഷെ ഈ ഉദ്ധരണികളെല്ലാം . . . ബഷീർ അർധോക്തിയിൽ വിരമിച്ചു.

ഉദ്ധരണികളിൽ എന്തിന്നു സംശയിക്കണം എല്ലാത്തിൻെറയും ഒരു കോപ്പി നിങ്ങൾക്കു തരുന്നില്ലേ ? കൊണ്ടുപോയി പരിശോധിച്ചോളൂ . ഞാൻ പറഞ്ഞു .

യൂസുഫ് മൗലവിയും കോയ മുസ്‌ലിയാരും ഒന്നും മിണ്ടുന്നില്ല .

ഒരു തമാശ ചോദിച്ചോട്ടെ , തെരഞ്ഞെടുപ്പിന്നു നാമനിർദ്ദേശ പത്രികപോലും സമർപ്പിക്കാത്ത സ്ഥാനാർഥിക്കുവേണ്ടി എന്തിന്നു വോട്ടുചോദിച്ചു പ്രചരണം നടത്തുന്നു.? ഇവരെല്ലാം ഞങ്ങളെ തഖ്‌ലീദ് ചെയ്യരുത് എന്നാണല്ലോ പറഞ്ഞിരിക്കുന്നത് .

തഖ്‌ലീദ് ചെയ്യാതെ നമുക്ക് നേരിട്ടെങ്ങിനെ ഖുർആനിൽനിന്നും സുന്നത്തിൽനിന്നും കാര്യം മനസ്സിലാകും ? എന്തെങ്കിലും ഒന്ന് ചോദിക്കണ്ടെ എന്ന് കരുതി കോയ മുസ്‌ലിയാർ ചോദിച്ചു .

തഖ്‌ലീദ് ഉടലെടുത്ത കാലംതൊട്ട് ചോദിച്ചു വരുന്ന ബാലിശമായ ഒരു ചോദ്യമാണിത് . ഇത് കേട്ടാൽ തോന്നും ഒരു വിധി കിട്ടാൻ എല്ലാവരും ഖുർആനിലും ഹദീസിലും ഇജ്തിഹാദ് ചെയ്യേണ്ടി വരുമെന്ന് . ഖുർആനിൽനിന്നും ഹദീസിൽനിന്നും വ്യക്തമായി കിട്ടുന്ന അറിവിന്ന് ഇജ്തിഹാദ് എന്ന് പറയുകയില്ല . അറിവില്ലാത്തവർ അറിവുള്ളവരോട് ചോദിക്കുന്നതിന്നും തഖ്‌ലീദ് എന്നു പറയുകയില്ല . ഒരു വിധി കിട്ടുന്നതിന്നുവേണ്ടി ഒരു സാധാരണക്കാരൻ ഒരു പണ്ഡിതൻെറ അടുക്കൽ ചെല്ലുന്നു . അദ്ദേഹം പണ്ഡിതനോട് ഖുർആനും ഹദീസിൻെറയും അടിസ്ഥാനത്തിൽ ഇതിൻെറ വിധിയെന്താണെന്ന് അന്വേഷിക്കുന്നു . പണ്ഡിതൻ അപ്രകാരം പറഞ്ഞുകൊടുക്കുന്നു . അയാൾ അത് സ്വീകരിച്ചു അതനുസരിച്ചു പ്രവർത്തിക്കുന്നു . ഇതിന്നു ഒരിക്കലും തഖ്‌ലീദ് എന്നു പറയുകയില്ല . എന്നാൽ പണ്ഡിതൻ ശാഫിഈ മദ്ഹബിൽ ഇങ്ങിനെയാകുന്നു വിധി അതാണ് നാം സ്വീകരിക്കേണ്ടത് എന്നു പറയുമ്പോൾ അദ്ദേഹത്തെ തഖ്‌ലീദ് ചെയ്യൽ വന്നു . തെളിവൊന്നും പ്രശ്നമല്ല . ശാഫിഈ പറഞ്ഞോ എന്നാൽ അതു മതി . ഖുർആനിൻെറ ഹദീസിൻെറയും വെളിച്ചത്തിലുള്ള തെളിവന്വേഷണവും അവിടെ നടക്കുന്നില്ല. ചിലപ്പോൾ ശാഫിഈ ഇമാമിൻെറ അഭിപ്രായത്തിനോട് യോജിച്ചതായിരിക്കണമെന്നില്ല യഥാർഥ വിധി . സ്വഹീഹായ ഹദീസ് കണ്ടാൽ അതാണെൻെറ മദ്ഹബ് എന്ന് ശാഫിഈ പ്രഖ്യാപിക്കുമ്പോൾതന്നെ അദ്ദേഹത്തിൻെറ വിധികൾക്കെതിരായ ഹദീസുകൾ വരാനുണ്ടെന്ന് വ്യക്തം .

ഖുർആനും ഹദീസും നമുക്കു മനസ്സിലാവുകയില്ല എന്നുള്ളതാണ് മറ്റൊരു വാദം . ഇതും ബാലിശംതന്നെ . അറബി ഗ്രന്ഥങ്ങൾ വായിച്ചു പഠിക്കുകയും , അതിൽ ബിരുദാനന്തര ബിരുദം നേടുകയും , ഡോക്ടറേറ്റ് നേടുകയും അറബിയിൽ ഗ്രന്ഥങ്ങൾ രചിക്കുകയും ചെയ്യുന്ന പണ്ഡിതന്മാർക്ക് അറബി മനസ്സിലാവുകയില്ലേ ?. അതേ അറബി ഭാഷയിലല്ലേ ഖുർആനും ഹദീസും വന്നിട്ടുള്ളത് . അതും വളരെ ലളിതമായ ഭാഷയിൽ . ഖുർആൻ മനസ്സിലാക്കാൻവേണ്ടി അതിനെ വളരെ ലളിതമാക്കിയിരിക്കുന്നുവെന്ന് ഖുർആൻതന്നെ

വ്യക്തമാക്കിയിട്ടില്ലേ. അപ്പോൾ തഖ്‌ലീദിൽ ജനങ്ങളെ തളച്ചിടുന്നതിന്നുള്ള ഒരു തട്ടിപ്പാണ് ഈ ബാലിശമായ ചോദ്യം.

തഖ്‌ലീദിൻെറ ഭ്രാന്ത് തലയിൽ കയറി എന്തൊക്കെയാണ് പറയേണ്ടതെന്ന് ഒരുപിടിയുമില്ലാതെ അല്ലാഹുവിനെയും റസൂലിനെയും ധിക്കരിച്ചു പറയുന്നിടം വരെ ചില പണ്ഡിതന്മാർ എത്തി . ഖുർആനും സുന്നത്തുമാണ് നമ്മുടെ അടിസ്ഥാന പ്രമാണം . ഭംഗി വാക്കിന്നുവേണ്ടി എല്ലാവരും ഇതു പറയുന്നു . ഏതെങ്കിലും ഒരു വിഷയത്തിൽ അഭിപ്രായ വ്യത്യാസമുണ്ടേങ്കിൽ അതിനെ ഖുർആനിലേക്കും ഹദീസിലേക്കും മടക്കണമെന്ന് ഖുർആൻ പഠപ്പിക്കുന്നു .രണ്ടുകാര്യം ഞാൻ നിങ്ങളിൽ വിട്ടേച്ചുപോകുന്നു അതു മുറുകെപ്പിടിച്ചാൽ നിങ്ങൾ പിഴച്ചുപോകില്ല , അല്ലാഹുവിൻെറ ഗ്രന്ഥവും എൻെറ സുന്നത്തും, എന്ന് നബിയും പഠിപ്പിക്കുന്നു. എന്നാൽ മദ്ഹബ് ജ്വരം തലക്കുപിടിച്ചു മനസ്സിന്നു തിമിരം ബാധിച്ച പണ്ഡിതർ പറയുന്നതോ. മദ്ഹബ് പണ്ഡിതരുടെ വാക്കും ഖുർആനും സുന്നത്തും തമ്മിൽ സംഘട്ടനമുണ്ടായാൽ മദ്ഹബിൻെറ പണ്ഡിതരുടെ അഭിപ്രായത്തെ സ്വീകരിക്കണം .

"ഇതെല്ലാം നിങ്ങൾ വെറുതെ പണ്ഡിതർക്കെതിരിൽ ഉന്നയിക്കുന്ന ആരോപണങ്ങളാണ്". കോയ മുസ്‌ലിയാരും യൂസുഫ് മൗലവിയും ഒന്നിച്ചു പറഞ്ഞു .

വെറുതെ ഒരാരോപണം ഞാൻ ഉന്നയിക്കുന്നതല്ല . മുൻകാല തഖ്‌ലീദ് പണ്ഡിതരും എന്തിനേറെ ഈയടുത്ത കാലത്ത് ആധുനിക സുന്നി പണ്ഡിതർപോലും ഈ അഭിപ്രായം പറഞ്ഞിട്ടുണ്ട് . - മുഖല്ലിദുകളെ പണ്ഡിതർ എന്നുവിളിക്കാൻ പറ്റുമോ എന്ന കാര്യത്തിൽതന്നെ തർക്കം നിലനിൽക്കുന്നു - . ഞാൻ പറഞ്ഞു .

നിങ്ങളുടെ വാദം തെളിയിക്കുന്നതിന്നു എന്തെങ്കിലും ഒരു തെളിവു തരാമോ ?

തരാമല്ലോ. (എന്നുവെച്ച് , അങ്ങിനെ ഒരു തെളിവ് തന്നാൽ ഞങ്ങൾ ഈ നിമിഷം മുജാഹിദാകാം എന്നൊന്നും വീരവാദം മുഴക്കണമെന്നില്ല ). ഞാൻ പറഞ്ഞു , എന്നിട്ടു തുടർന്നു ,

ഹനഫി മദ്ഹബിലെ പ്രശസ്ത പണണണ്ഡിതനായ ഇമാം കർഖി (340) പറഞ്ഞതായി താരീഖുത്തശ്‌രീഉൽ ഇസ്‌ലാമി - 325 ൽ പറയുന്നു, " നമ്മുടെ ആളുകളുടെ (ഹനഫി പണ്ഡിതന്മാരുടെ) നിഗമനത്തോട് എതിരായി വരുന്ന മുഴുവൻ ആയത്തുകളും ഒന്നുകിൽ (ഹനഫി മദ്ഹബിന്നു അനുകൂലമായി) വ്യാഖ്യാനിക്കപ്പെടണം . അല്ലെങ്കിൽ അതു ദുർബ്ബലപ്പെട്ടതായി ഗണിക്കണം . അതുപോലെത്തന്നെ നമ്മുടെ സഹാക്കളുടെ നിഗമനത്തിന്നു എതിരായ മുഴുവൻ ഹദീസുകളും വ്യാഖ്യാനിക്കപ്പെടുകയോ ദുർബ്ബലപ്പെട്ടതായി ഗണിക്കപ്പെടുകയോ ചെയ്യേണ്ടതാണ് . "

മറ്റൊരു പ്രസ്താവന കാണുക " നമ്മുടെ (ഹനഫി) പണ്ഡിതന്മാർ പറഞ്ഞു , നമുക്കു ഖുർആനും സുന്നത്തും സ്വീകരിക്കാനോ അതനുസരിച്ചു പ്രവർത്തിക്കാനോ പാടില്ല . എന്തെന്നാൽ അതു മുജ്തഹിദിൻെറ ജോലിയാകുന്നു . ഇജ്തിഹാദാകട്ടെ നാലാം നൂറ്റാണ്ടോടെ അവസാനിച്ചുപോയിരിക്കുന്നു . അപ്പോൾ നമുക്കു പണ്ഡിതരുടെ ഗ്രന്ഥങ്ങളിൽ പറഞ്ഞതു സ്വീകരിക്കുവാനേ പാടുള്ളു . ഇമാം അബൂ ഹനീഫ (റ) യെ അല്ലാതെ സഹാബികളെയോ താബിഉകളെയോ ഒന്നും തഖ്‌ലീദ് ചെയ്യുവാൻ പാടില്ല എന്നതാണ് ഹനഫി മദ്ഹബ് എന്ന് അറിഞ്ഞിരിക്കുക . എത്രത്തോളമെന്നാൽ ഈസ (അ) ആകാശത്ത് നിന്ന് ഇറങ്ങിവരുന്ന കാലത്ത് അദ്ദേഹംപോലും അബു ഹനീഫ (റ) യുടെ മദ്ഹബ് അനുസരിച്ചായിരിക്കും വിധിക്കുക (ജാമിഉർറുമൂസ് )

" ഇതെല്ലാം ഹനഫി പണ്ഡിതന്മാരുടെതും അതുപോലെ മുൻകാലത്തുള്ളവരുടെതുമാണല്ലോ. സുന്നി - സമസ്ത - പണ്ഡിതന്മാരും അങ്ങിനെ പറഞ്ഞിട്ടുണ്ടെന്ന് നിങ്ങൾ പറഞ്ഞുവല്ലാ. അതിന്നു വല്ല രേഖയും തരാൻ പറ്റുമോ " ? കോയ മുസ്‌ലിയാർ ചോദിച്ചു .

തരാൻപറ്റും ഇതുനോക്കൂ , ആദ്യം ഇമാം സ്വാവി പറയുന്നത് ശ്രദ്ധിക്കൂ , നാല് മദ്ഹബിൽപ്പെടാത്ത ഒരു കാര്യം സ്വഹാബത്ത് പറഞ്ഞാലും ആയത്തിലും സ്വഹീഹായ ഹദീസുകളിൽ വന്നാലും സ്വീകരിക്കാൻ പാടില്ല സ്വാവി 2-8 ( ഹിക്മത്ത് മാസിക 1984 ഫെബ്രുവരി പേജ് - 29 )

എനി സമസ്തക്കാർ പറയുന്നത് നോക്കൂ , " ഖുർആനിലും ഹദീസിലും പറയപ്പെട്ടതിനേക്കാൾ ഇമാമുകളുടെ വാക്കിന്നു മുൻഗണന നൽകുന്നവരാണ് സുന്നികൾ ( ഹിക്മത്ത് മാസിക 1984 ഫെബ്രുവരി 29 )

ഒരുകാര്യം നിങ്ങൾ പ്രത്യേകം ആലോചിക്കണം , ഒരു മസ്അലയെ സംബന്ധിച്ച് ഒരോ മദ്ഹബിലും വ്യത്യസ്ത വീക്ഷണമാകുന്നു . അതും ഒരു കൂട്ടർക്ക് ഹലാലാണെങ്കിൽ മറ്റൊരു കൂട്ടർക്കു ഹറാമാകുന്നു . ഇങ്ങിനെ വ്യത്യസ്ത വീക്ഷണങ്ങളിൽ പ്രവർത്തിച്ചുചെന്നാൽ എല്ലാവർക്കും അല്ലാഹു പ്രതിഫലം കൊടുക്കുമോ ? വ്യത്യസ്ത ഉത്തരം എഴുതിയ എല്ലാ കുട്ടികൾക്കും അധ്യാപകൻ മാർക്ക് കൊടുക്കുമോ ? ശരിയേതെന്ന് പഠിപ്പിച്ചു തരുവാനാണ് മുഹമ്മദ് നനബി (സ) യെ അയച്ചിരിക്കുന്നത് . ഇങ്ങിനെ നാലു ഇമാമുകൾ വരുമെന്നും അവരിൽ ആരെയെങ്കിലും എല്ലാ കാര്യങ്ങളിലും നിങ്ങൾ പിന്തുടർന്നില്ലെങ്കിൽ പിഴച്ചുപോകുമെന്നു

അദ്ദേഹം പറഞ്ഞില്ല . ഞങ്ങളെ പിൻപറ്റിയില്ലെങ്കിൽ നിങ്ങൾ പിഴക്കുമെന്ന് ഇമാമുകളും പറഞ്ഞില്ല . ഞങ്ങളുടെ ഗവേഷണങ്ങൾ പൂർണ്ണമല്ലെന്നും സ്വഹീഹായ ഹദീസു കിട്ടിയാൽ അതു സ്വീകരിക്കണമെന്നും പറഞ്ഞു അവർ അവരുടെ ഉത്തരവാദിത്വത്തിൽ നിന്നും ഒഴിവാകുകയും ചെയ്തു.

ഒരുപാടു പണ്ഡിതന്മാർ അന്ധമായ തഖ്ലീദിനെ എതിർത്തു പറഞ്ഞിട്ടുണ്ട് . ഇമാം ഇബ്നു അബ്ദിൽ ബിർറ് ,ഇമാമുൽ ഹറമൈൻ , ഇമാം ഗസ്സാലി , ഇമാം ബാഖല്ലാനി, അബിൽ ഖാസിം ഇബ്നുൽ ബഖാൽ , അല്ലാമ അൽ ആമിദി, ഇമാം റാസി, ഇമാം ഇബ്നുൽ ജൗസി, ശൈഖുൽ ഇസ്‌ലാം ഇബ്നു തൈമിയ്യ , അല്ലാമ ഇബ്നുൽ ഖയ്യിം , ഇബ്നു ഹജർ അൽ അസ്ഖലാനി , ഇമാം ശൗകാനി , മുഖ്ബിലി , ഇമാം സുയൂഥ്വി , ഫുലാനി , ഇവരെല്ലാം തന്നെ ഭാഗികമായോ പൂർണ്ണമായോ തഖ്ലീദിനെ എതിർത്തുകൊണ്ട് ഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ട്. എല്ലാവരുടെയും ഉദ്ധരണികൾ വിവരിക്കുക സാദ്ധ്യമല്ല. അതിനാൽ ഇമാം ഇബ്നുൽ ജൗസിയുടെ ചില ഉദ്ധരണികൾ വിവരിക്കാം .

**ഇബ്നുൽ ജൗസി ( 508 - 597 )**

ഈ സമുദായത്തിൽ ഇബ്‌ലീസ് ഉണ്ടാക്കിത്തീർത്ത ആശയക്കുഴപ്പങ്ങളെ വിശദീകരിച്ചുകൊണ്ട് അദ്ദേഹം പറയുന്ന ചില വരികൾ നമുക്കു പരിശോധിക്കാം . " രണ്ടു വഴികളിലൂടെയാണ് ഇബ്‌ലീസ് ഈ സമൂഹത്തിൽ പ്രവേശിച്ചത് . ഒന്ന് , പിതാക്കന്മാരെയും മുൻഗാമികളെയും പിൻപറ്റുക എന്ന ആശയത്തിലൂടെ , രണ്ട് , തനിക്കു അറിയാത്തതും എത്തിപ്പെടാൻ പറ്റാത്തത്ര ആഴത്തിലുള്ളതുമായ കാര്യങ്ങളിൽ ജനങ്ങളെ പ്രവേശിപ്പിക്കുക എന്നതിലൂടെ, അങ്ങിനെ അവർ വ്യത്യസ്തമായ പല മേഖലകളിലും പ്രവേശിച്ചു . തെളിവുകളെല്ലാം ആശയക്കുഴപ്പമുള്ളതാണെന്നും സത്യമേതാണെന്നുള്ളത് ഗോപ്യമാണെന്നും അതിനാൽ ഏറ്റവും സുരക്ഷിതമായ മാർഗ്ഗം തഖ്ലീദ് ചെയ്യലാണെന്നും ഒന്നാമത്തെ കൂട്ടർക്ക് പിശാച് നന്നായി തോന്നിപ്പിച്ചുകൊടത്തു . ഈ മാർഗ്ഗത്തിൽ ധാരാളംപേർ വഴികേടിലായി . ഇതുകാരണമാകുന്നു സമുദായത്തിൻെറ നാശം ആരംഭിച്ചത് . യഹൂദികളും നസാറാക്കളും അവരുടെ പിതാക്കളെയും പണ്ഡിതരെയും തഖ്ലീദ് ചെയ്തു , അങ്ങിനെ അവർ വഴിപിഴച്ചു . അപ്രകാരംതന്നെ ജാഹിലിയ്യക്കാരും ....

ഒരു മുഖല്ലിദ് അയാൾ തഖ്ലീദ് ചെയ്ത കാര്യത്തിൽ വ്യക്തമായ അറിവില്ലായ്മയിലാണ് എന്ന് നീ മനസ്സിലാക്കുക . ബുദ്ധിയുടെ ഉപകാരത്തെ നശിപ്പിക്കുക എന്നുള്ളതാണ് തഖ്ലീദുകൊണ്ടുള്ളത് . കാരണം അവൻ സൃഷ്ടിക്കപ്പെട്ടിട്ടുള്ളത് ചിന്തിക്കുവാനും ആലോചിക്കുവാനും വേണ്ടിയാകുന്നു . വെളിച്ചം ലഭിച്ചശേഷം അത് ഊതിക്കെടുത്തിയിട്ട് ഇരുട്ടിലൂടെ നടക്കുന്നവൻെറ കാര്യം എത്ര ചീത്ത . എന്നാൽ മദ്ഹബിൻെറ ആളുകൾ പൊതുവേ അവരുടെ ഏതെങ്കിലും ഒരു വ്യക്തിയെ മനസ്സിൽ അമിതമായി ബഹുമാനിക്കുകയും യാതൊരു ആലോചനയും കൂടാതെ അദ്ദേഹം പറയുന്നതിനെ അവർ പിന്തുടരുകയും ചെയ്യുന്നു . ഇത് വഴികേടാകുന്നു . ആരു പറഞ്ഞു എന്നതിലേക്കല്ല എന്തു പറഞ്ഞു എന്നതിലേക്കാണു നോക്കേണ്ടത് .... " .( 81,82 )

അല്ലാഹു പറയുന്നത് എത്ര സത്യം. " വിശ്വസിച്ചവരെ നിങ്ങൾ അല്ലാഹുവിനെ അനുസരിക്കുവിൻ. ദൂതനെയും നിങ്ങളിൽ നിന്നുള്ള അധികാരസ്ഥന്മാരെയും അനുസരിക്കുവിൻ. എന്നാൽ വല്ല വിഷയത്തിലും നിങ്ങൾ ഭിന്നാഭിപ്രായക്കാരായാൽ അല്ലാഹുവിങ്കലേക്കും ദൂതരിലേക്കും അത് മടക്കുവിൻ നിങ്ങൾ അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്നവരാണെങ്കിൽ അത് ഏറ്റവും ഉത്തമവും ശുഭ പര്യവസായിയുമാകുന്നു. (നിസാഅ്-59)

മറ്റൊരായത്തിൽ ഇങ്ങിനെ പറയുന്നു "നിശ്ചയം ഇതുതന്നെയാണ് എൻെറ നേർവഴിയെന്നും (നിങ്ങളോട് ഞാൻ പറയുന്നു) അതുകൊണ്ട് അതിനെ നിങ്ങൾ പിൻപറ്റുവിൻ . പലവഴികളെ നിങ്ങൾ പിൻപറ്റരുത്. അല്ലാഹുവിൻെറ വഴികളിൽ നിന്നും അവ നിങ്ങളെ തെറ്റിച്ചുകളയും . നിങ്ങൾ സൂക്ഷിക്കാൻ വേണ്ടി അവൻ നിങ്ങളോട് ഇപ്രകാരം കൽപ്പിച്ചിരിക്കുന്നു. (അൻആം-153).

അവസാനമായി ഞാൻ ഒരു കാര്യം ഉണർത്തുന്നു . " ശാഫിഈ മദ്ഹബിനെ തഖ്ലീദ് ചെയ്യുന്നവർക്ക് ഇസ്‌ലാം കാര്യം നലെണ്ണം മാത്രമെ ഉണ്ടാവുകയുള്ളു . ഒരിക്കലും അഞ്ച് ഉണ്ടാവുകയില്ല " .

" പറഞ്ഞു പറഞ്ഞു നിങ്ങൾ ഞങ്ങളുടെ ഇസ്‌ലാം കാര്യത്തിലും കളിച്ചുതുടങ്ങിയോ? കോയ മുസ്‌ലിയാർക്കു ദേഷ്യം വന്നു . എന്നാൽ ഏത് കാര്യമാണ് ശാഫിഈകൾക്ക് ഇല്ലാത്തത് , അല്ലെങ്കിൽ ശാഫിഈ മദ്ഹബ് അനുസരിച്ച് ചെയ്യാൻ പറ്റാത്തത് , അത് നിങ്ങൾ വ്യക്തമാക്കണം . ഇത്വരെ ഞങ്ങൾ ക്ഷമിച്ചിരുന്നു . ഇക്കാര്യം വ്യക്തമാക്കാതെ നിങ്ങളെ ഞങ്ങൾ വിടൂല . കോയ മുസ്‌ലിയാർക്കു ദേഷ്യം കൂടിക്കൂടി വന്നു . അയാളുടെ മുഖം ചുവന്നു .

" നിങ്ങൾ ദേഷ്യം പിടിക്കണ്ട ഞാൻ കാര്യമാണ് പറഞ്ഞത് , ഞാനത് വ്യക്തമാക്കിത്തരാം " . ഞാൻ പറഞ്ഞു.

സ്ത്രീകളെത്തൊട്ടാൽ വുളു മുറിയുകയില്ലേ ? ഞാൻ ചോദിച്ചു .

അതെ , മുറിയും കോയ മുസ്‌ലിയാർ പറഞ്ഞു .

ഹറമിലായാലും അതെ നിയമമല്ലേ ? ഞാൻ ചോദിച്ചു .

അതെ, അദ്ദേഹം പറഞ്ഞു .

അപ്പോൾ നിങ്ങൾ ഹജ്ജിന്റെ ത്വവാഫ് ചെയ്യുമ്പോഴും ജംറകളിലും വെച്ചും സ്ത്രീകളെ തൊട്ടാലോ?

ശാഫിഈ മദ്ഹബനുസരിച്ച് വുളു മുറിയും, പക്ഷെ ഹജ്ജിന്നു പുറപ്പെടുന്നതിന്റെ മുമ്പുള്ള ക്ലാസുകളിൽ ഞങ്ങളുടെ മുസ്‌ലിയാൻമാർ അക്കാര്യം പറയാറുണ്ട്. അതിന്നുള്ള വിദ്യയും ഉപദേശിക്കാറുണ്ട്. കോയമുസ്‌ലിയാർ പറഞ്ഞു .

എന്താണ് ആ വിദ്യ ? ഞാൻ ചോദിച്ചു .

ഹനഫി മദ്ഹബിൽ സ്ത്രീകളെ തൊട്ടാൽ വുളു മുറിയുകയില്ല . അതിനാൽ ഹജ്ജിന്നു പുറപ്പെടുന്നതിന്നു മുമ്പ് ഞാൻ ഇപ്പോൾ ഹനഫി മദ്ഹബിലാണെന്ന് നിയ്യത്ത് ചെയ്യുക, അപ്പോൾ പിന്നെ പ്രശ്നമില്ല. അത്യാവശ്യ സന്ദർഭങ്ങളിൽ മദ്ഹബ് മാറുന്നതിന്നു കുഴപ്പമില്ല . കോയ മുസ്‌ലിയാർ നിർത്തി .

അതുതന്നെയാണ് ഞാനും പറഞ്ഞത്. അപ്പോൾ ഹജ്ജിന്റെ മുഴുവൻ കർമ്മവും അല്ലെങ്കിൽ ഭാഗികമായെങ്കിലും ഹനഫി മദ്ഹബ് അനുസരിച്ചാണ് ശാഫിഈകൾ ചെയ്യുന്നത്. അപ്പോൾ ഇസ്‌ലാം കാര്യത്തിൽ അഞ്ചാമത്തെതായ ഹജ്ജ് കർമ്മം പൂർണ്ണ രൂപത്തിൽ ഒരിക്കലും ശാഫിഈകൾക്കു ചെയ്യാൻ സാദ്ധ്യമല്ല എന്ന് മനസ്സിലായല്ലോ? അപ്പോൾ ശാഫികൾക്കു ഇസ്‌ലാം കാര്യം നാല്. ശാഫിഈ മദ്ഹബിനകത്ത് നിന്നുകൊണ്ട് പൂർണ്ണ ഹജ്ജ് സാദ്ധ്യമല്ല. പിന്നെ മദ്ഹബ് മാറ്റം. അതിൽ ഞങ്ങളും നിങ്ങളും ഒരു വ്യത്യാസവുമില്ല. ശരിയായ തെളിവു കിട്ടിക്കഴിഞ്ഞാൽ ഏതു മദ്ഹബിലുള്ളതും സ്വീകരിക്കാം എന്ന് ഞങ്ങൾ മുൻകൂട്ടി പറയുന്നു. നമ്മുടെ സൗകര്യമനുസരിച്ചും മസ്അലകൾക്കനുസരിച്ചും മദ്ഹബ് മാറാമെന്ന് നിങ്ങൾ അപ്പപ്പോൾ പറയുന്നു. ഫലത്തിൽ രണ്ടും ഒന്നുതന്നെ. കോയ മുസ്‌ലിയാർക്കും യൂസുഫ് മൗലവിക്കും ഒന്നും പറയാനുണ്ടായിരുന്നില്ല .

വീട്ടിലേക്കു നടക്കുമ്പോൾ ബഷീർ ആലോചിക്കുകയായിരുന്നു ശാഫീഈകൾക്കു ഇസ്‌ലാംകാര്യം നാലോ, ഇതു നല്ല കഥ.